REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 22-05-2026** **സമയം 06.45 AM**

## പ്രധാന വാർത്തകൾ

- **പതിനാറാം കേരള നിയമസഭയുടെ സ്പീക്കർ തെരഞ്ഞെടുപ്പ് ഇന്ന് - തിരുവഞ്ചൂർ രാധാകൃഷ്ണൻ ഭരണപക്ഷത്തിന്റെ സ്ഥാനാർത്ഥി.**
- **പ്രധാനമന്ത്രി നരേന്ദ്രമോദി, ഇന്ന് സൈപ്രസ് പ്രസിഡണ്ട് നിക്കോസ് ക്രിസ്റ്റോ ഡൗലിഡ്സുമായി ന്യൂഡൽഹിയിൽ ചർച്ച നടത്തും.**
- **രാജ്യത്ത് ഇന്ധനക്ഷാമമില്ലെന്നും ചില്ലറ വില്പന ശാലകളിൽ വിതരണം കൃത്യമാണെന്നും ഇന്ത്യൻ ഓയിൽ കോർപറേഷൻ.**
- **ഇന്ന് അന്താരാഷ്ട്ര ജൈവ വൈവിധ്യ ദിനം.**
- **IPL ക്രിക്കറ്റിൽ ഗുജറാത്ത് ടൈറ്റൻസ്, ചെന്നൈ സൂപ്പർകിംഗ്സിനെ തോൽപ്പിച്ചു.**

## വാർത്തകൾ വിശദമായി

പതിനാറാം കേരള നിയമസഭയുടെ സ്പീക്കറെ ഇന്ന് തെരഞ്ഞെടുക്കും. ഭരണപക്ഷത്തിന്റെ സ്ഥാനാർത്ഥി തിരുവഞ്ചൂർ രാധാകൃഷ്ണനാണ്.

തിരുവനന്തപുരത്തു നിന്ന് സ്മിതി M പള്ളുരുത്തി....

...........(വോയ്സ്)...............

പതിനാറാം നിയമസഭയുടെ ആദ്യ സമ്മേളനത്തിന്റെ രണ്ടാം ദിവസമായ ഇന്നു രാവിലെയാണ് സ്പീക്കർ തെരഞ്ഞെടുപ്പ് നിശ്ചയിച്ചിട്ടുള്ളത്. മൂന്നു മുന്നണികളുടെ സ്ഥാനാർത്ഥികളും സ്പീക്കർ തെരഞ്ഞെടുപ്പിൽ

മൽസരിക്കുന്നുണ്ട്. തിരുവഞ്ചൂർ രാധാകൃഷ്ണനായിരിക്കും തങ്ങളുടെ സ്പീക്കർ സ്ഥാനാർത്ഥിയെന്ന് യുഡിഎഫ് നേരത്തെ തന്നെ പ്രഖ്യാപിച്ചിരുന്നു.

എ സി മൊയ്തീനാണ് എൽഡിഎഫിന്റെ സ്പീക്കർ സ്ഥാനാർത്ഥി. ബി ബി ഗോപകുമാറാണ് ബിജെപിയുടെ സ്്പീക്കർ സ്ഥാനാർത്ഥി.

ഇന്നു സ്പീക്കറെ തെരഞ്ഞെടുത്ത ശേഷം പിരിയുന്ന സഭ മെയ് 29-ന് ഗവർണറുടെ നയപ്രഖ്യാപന പ്രസംഗംത്തിനായി വീണ്ടും സമ്മേളിക്കും.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി, സൈപ്രസ് പ്രസിഡണ്ട് നിക്കോസ് ക്രിസ്റ്റോ ഡൗലിഡ്സുമായി ന്യൂഡൽഹിയിൽ ഇന്ന് ചർച്ച നടത്തും. പരസ്പര താത്പര്യ വിഷയങ്ങളിൽ ഉഭയകക്ഷിസഹകരണം കൂടുതൽ ശക്തമാക്കുന്നതിനെക്കുറിച്ച് ഇരുവരും ചർച്ച ചെയ്യും. വ്യാപാരം, നിക്ഷേപം, സാങ്കേതിവിദ്യ, വിദ്യാഭ്യാസം, സംസ്കാരം, മൊബിലിറ്റി, പ്രതിരോധം, സുരക്ഷ, നിർമ്മിതബുദ്ധി, നവീകരണം, ഗവേഷണം എന്നീ മേഖലകൾ കൂടിക്കാഴ്ചയിൽ ചർച്ചയ്ക്ക് വിഷയമാകും. കൂടാതെ രണ്ടു നേതാക്കളും നിരവധി കരാറുകളിൽ ഒപ്പുവെയ്ക്കും. സൈപ്രസ് പ്രസിഡണ്ടിന് പ്രധാനമന്ത്രി ഇന്ന് ഉച്ചവിരുന്ന് നൽകും.

ഇന്നലെയാണ് ക്രിസ്റ്റോ ഡൗലിഡ്സ് ന്യൂഡൽഹിയിലെത്തിയത്. പ്രധാനമന്ത്രിയുടെ സൈപ്രസ് സന്ദർശനത്തിന്റെ തുടർച്ചയായാണ് പ്രസിഡണ്ടിന്റെ സന്ദർശനം.

✪✪✪

മണിപ്പൂർ പൊലീസ് മേധാവിയായിരുന്ന രാജീവ്സിംഗിനെ കേന്ദ്ര കാബിനറ്റ് സെക്രട്ടേറിയറ്റിൽ സുരക്ഷാ സെക്രട്ടറിയായി നിയമിച്ചു. സിംഗിന്റെ നിയമനത്തിന് കേന്ദ്രമന്ത്രിസഭയുടെ നിയമന കമ്മറ്റി അംഗീകാരം നൽകിയതായി പേഴ്സനൽ മന്ത്രാലയം അറിയിച്ചു. പ്രധാനമന്ത്രിയ്ക്കും അദ്ദേഹത്തിന്റെ ഔദ്യോഗിക വസതിയിൽ താമസിക്കുന്ന കുടുംബാംഗങ്ങൾക്കും സുരക്ഷ നൽകുന്ന SPG യുടെ ഭരണത്തലവനാണ് കാബിനറ്റ് സുരക്ഷാ സെക്രട്ടറി. 1933 ബാച്ചിലെ ത്രിപുര കേഡർ IPS ഉദ്യോഗസ്ഥനാണ് രാജീവ് സിംഗ്.

✪✪✪

കോമൺവെൽത്ത് ഗെയിംസ് ദിനം രാജ്യവ്യാപകമായി ആഘോഷിക്കുന്നതിന്റെ ഭാഗമായി യുവജനകാര്യ-കായിക മന്ത്രാലയത്തിന്റെ ഫിറ്റ് ഇന്ത്യ,

ഞായറാഴ്ചകളിൽ മെഗാ എഡിഷൻ സൈക്കിൾ ഡ്രൈവ് സംഘടിപ്പിക്കും. മറ്റന്നാൾ അഹമ്മദാബാദിൽ കേന്ദ്ര യുവജനകാര്യ-കായിക മന്ത്രി ഡോ. മൻസുഖ് മാണ്ഡവ്യ ആഘോഷങ്ങൾക്ക് നേതൃത്വം നൽകും.

2030 ലെ കോമൺവെൽത്ത് ഗെയിംസിന് ഇന്ത്യ ആതിഥേയത്വം വഹിക്കുന്നതുമായി ബന്ധപ്പെട്ട് പൊതുജനങ്ങളുടെ ഇടപെടൽ വർദ്ധിപ്പിക്കാനും രാജ്യത്തിന്റെ ദീർഘകാല ഒളിമ്പിക് അഭിലാഷങ്ങൾക്ക് ആക്കം കൂട്ടാനും ലക്ഷ്യമിടുന്നതായി മന്ത്രാലയം അറിയിച്ചു.

✪✪✪

നീറ്റ് ചോദ്യപേപ്പർ ചോർച്ച കേസിൽ ലാത്തൂരിലെ ശിശുരോഗ വിദഗ്ധൻ ഡോ. മനോജ് ഷിരുരെയെ CBI കസ്റ്റഡിയിലെടുത്തു. ഡോ. ഷിരുരെ മകൾക്ക് നീറ്റ് പരീക്ഷാ ചോദ്യപേപ്പർ വാങ്ങിയതായാണ് അന്വേഷണ ഏജൻസികൾ സംശയിക്കുന്നത്. ഏതാനും ദിവസങ്ങൾക്കു മുമ്പ് CBI ഉദ്യോഗസ്ഥർ ലാത്തൂരിൽ ഷിരൂരെയുടെ ആശുപത്രി സന്ദർശിച്ച് വിപുലമായ അന്വേഷണം നടത്തിയിരുന്നു.

✪✪✪

2019 ലെ പുൽവാമ ഭീകരാക്രമണത്തിന്റെ മുഖ്യ സൂത്രധാരൻമാരിൽ ഒരാളെന്ന് കരുതുന്ന ഹംസ ബുർഹാനെ പാക് അധീന കശ്മീരിൽ ഇന്നലെ അജ്ഞാതരായ തോക്കുധാരികൾ വെടിവെച്ചുകൊന്നു. അൽ ബദർ ഭീകരസംഘടനയുടെ കമാൻഡറായ ഡോ. ബുർഹാൻ എന്ന അർജ്ജുമന്ദ് ഗുൽസാർദാറിനെ ജമ്മുകശ്മീരിലെ നിരവധി ഭീകരാക്രമണങ്ങളിൽ പങ്കെടുത്തതിനാൽ 2022 ൽ ഇന്ത്യ തീവ്രവാദിയായി പ്രഖ്യാപിച്ചിരുന്നു. പുൽവാമ ഭീകരാക്രമണത്തിനു ശേഷം ഇയാൾ പാക് അധീന കശ്മീരിൽ അധ്യാപകനായി ഒളിവിൽ കഴിയുകയായിരുന്നു. മുസാഫറാബാദിലെ ഗോജ്റയിൽ സ്വകാര്യ കോളജിലെ പ്രിൻസിപ്പലായിരുന്ന ബുർഹാന് ഇന്നലെ രാവിലെ കോളജിൽ നിന്ന് പുറത്തിറങ്ങിയപ്പോഴാണ് വെടിയേറ്റത്. മോട്ടോർസൈക്കിളിൽ രക്ഷപ്പെടാൻ ശ്രമിച്ച ഒരു പ്രതിയെ നാട്ടുകാർ പിടികൂടി പൊലീസിലേൽപ്പിച്ചു.

✪✪✪

മൂന്ന് ദിവസത്തെ CPIM കേന്ദ്ര കമ്മിറ്റിയോഗം ഇന്ന് ന്യൂഡൽഹിയിൽ തുടങ്ങും. കേരളത്തിലെ നിയമസഭാ തിരഞ്ഞെടുപ്പുഫലം പുറത്തുവന്നശേഷം ചേരുന്ന ആദ്യയോഗത്തിൽ സംസ്ഥാനത്തെ കനത്ത തോൽവിയിൽ വിശദമായ ചർച്ച നടത്തിയേക്കും.

✪✪✪

ഇന്ന് അന്താരാഷ്ട്ര ജൈവവൈവിധ്യ ദിനം. ജൈവ വൈവിധ്യത്തെക്കുറിച്ച് അവബോധം വർദ്ധിപ്പിക്കാനും അതിന്റെ സംരക്ഷണം ഉറപ്പാക്കാനുമാണ് ഐക്യരാഷ്ട്രസഭ മെയ് 22 ജൈവവൈവിധ്യ ദിനമായി ആചരിക്കുന്നത്.

ഭൂമിയിലെ ജീവജാലങ്ങളുടെയും ആവാസ വ്യവസ്ഥയുടെയും നിലനിൽപ്പിന്റെ പ്രാധാന്യം ഓർമ്മിപ്പിക്കുക, വംശനാശം നേരിടുന്ന ജീവികളെയും സസ്യങ്ങളെയും സംരക്ഷിക്കാൻ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക തുടങ്ങിയവയാണ് ദിനാചരണത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ.

✪✪✪

അന്താരാഷ്ട്ര ജൈവവൈവിധ്യ ദിനത്തോടനുബന്ധിച്ച് സംഘടിപ്പിക്കുന്ന സംസ്ഥാനതല ശില്പശാല മന്ത്രി K മുരളീധരൻ  ഇന്ന് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും. 'പ്രാദേശിക പ്രവർത്തനങ്ങൾ ആഗോള പ്രതിഫലനം' എന്ന പ്രമേയത്തെ അടിസ്ഥാനമാക്കി  സംഘടിപ്പിക്കുന്ന ശില്പശാലയിൽ ''മാതൃകാ ജൈവവൈവിധ്യ സൗഹൃദ ഗ്രാമങ്ങൾ'' എന്ന സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ പുതിയ പദ്ധതിക്ക് മന്ത്രി തുടക്കം കുറിക്കും.

✪✪✪

കണ്ണൂർ സർവകലാശാല വിദ്യാർത്ഥികൾക്കായി നടപ്പാക്കുന്ന അപകട ഇൻഷുറൻസ് പദ്ധതി രാവിലെ വൈസ് ചാൻസലർ  പ്രൊഫസർ KK സാജു ഉദ്ഘാടനം ചെയ്യും. കണ്ണൂർ കാസർഗോഡ് വയനാട് ജില്ലകളിലെ സർവകലാശാലയ്ക്ക് കീഴിലെ കോളേജുകളിൽ പഠിക്കുന്ന 17,343 വിദ്യാർത്ഥികളാണ് പദ്ധതിയിൽ അംഗമാവുക. 60 രൂപ പ്രീമിയം നിരക്കിൽ 5 ലക്ഷം രൂപയുടേതാണ് പോളിസി.

✪✪✪

UPSC സിവിൽ സർവ്വീസ് പ്രാഥമിക പരീക്ഷ മറ്റന്നാൾ. കേരളത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്  നഗരങ്ങളിലായി 21,000-ത്തോളം ഉദ്യോഗാർത്ഥികൾ പരീക്ഷ എഴുതും.

✪✪✪

സംസ്ഥാനതല സ്കൂൾ പ്രവേശനോത്സവം ജൂൺ ഒന്ന് രാവിലെ ഒൻപതിന് തിരുവനന്തപുരം പട്ടം ഗവ. മോഡൽ ഗേൾസ്  ഹയർ സെക്കണ്ടറി സ്കൂളിൽ നടത്തും.  മുഖ്യമന്ത്രി  V.D സതീശൻ സംസ്ഥാന പ്രവേശനോത്സവം ഉദ്ഘാടനം ചെയ്യും.

✪✪✪

ദക്ഷിണേന്ത്യയുടെ സാംസ്കാരിക പൈതൃകവും പ്രകൃതിഭംഗിയും സഞ്ചാരികൾക്ക് മുന്നിൽ അനാവരണം ചെയ്യുന്ന പ്രശസ്തമായ ഗോൾഡൻ ചാരിയറ്റ് ആഡംബര ട്രെയിൻ കൂടുതൽ അത്യാധുനിക സൗകര്യങ്ങളോടെ തിരിച്ചെത്തുന്നു. 2026-27 ടൂറിസ്റ്റ് സീസണിലേക്കായി നവീകരിച്ച ഗോൾഡൻ ചാരിയറ്റ് ലക്ഷ്വറി ട്രെയിൻ സർവീസ് ആരംഭിക്കാൻ ഒരുങ്ങുന്നതായി ഇന്ത്യൻ റെയിൽവേ കാറ്ററിംഗ് ആൻഡ് ടൂറിസം കോർപ്പറേഷൻ അറിയിച്ചു.

മികച്ച ഫർണിച്ചറുകൾ അടങ്ങിയ നവീകരിച്ച കാബിനുകൾ, സ്മാർട്ട് ടിവികൾ, വൈ ഫൈ സംവിധാനത്തോട് കൂടിയ വിനോദ ഉപാധികൾ എന്നിവ ട്രെയിനിൽ പുതുതായി സജ്ജീകരിച്ചു. സിസിടിവി നിരീക്ഷണ ക്യാമറകളും അത്യാധുനിക ഫയർ അലാറം സംവിധാനങ്ങളും സ്ഥാപിച്ചിട്ടുണ്ട്. ആകെ 40 കാബിനുകൾ ഉൾപ്പെട്ട ഈ ലക്ഷ്വറി ട്രെയിനിൽ ഒരേസമയം 80 അതിഥികളെ വരെ ഉൾക്കൊള്ളാനാകും.

ആറ് ദിവസം നീണ്ടുനിൽക്കുന്ന പ്രൈഡ് ഓഫ് കർണാടക ടൂർ പാക്കേജിൽ ബെംഗളൂരു, മൈസൂരു, ഹംപി, ഗോവ എന്നീ പ്രമുഖ വിനോദസഞ്ചാര കേന്ദ്രങ്ങളാണ് ഉൾപ്പെടുന്നത്. രണ്ടാമത്തെ പാക്കേജായ ജ്വൽസ് ഓഫ് സൌത്ത് യാത്രയിൽ മൈസൂരു, മഹാബലിപുരം, തഞ്ചാവൂർ, കൊച്ചി എന്നീ സ്ഥലങ്ങൾ സന്ദർശിക്കാം.

✪✪✪

IPL ക്രിക്കറ്റിൽ ഗുജറാത്ത് ടൈറ്റൻസ്, ചെന്നൈ സൂപ്പർകിംഗ്സിനെ 89 റൺസിന് തോൽപ്പിച്ചു. അഹമ്മദാബാദിലെ നരേന്ദ്രമോദി സ്റ്റേഡിയത്തിൽ ഗുജറാത്ത് ടൈറ്റൻസ് ഉയർത്തിയ 230 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ചെന്നൈ സൂപ്പർകിംഗ്സ് 13.4 ഓവറിൽ 140 റൺസിന് എല്ലാവരും പുറത്തായി.

ഇന്ന് വൈകിട്ട് ഏഴരയ്ക്ക് ഹൈദരാബാദിൽ, സൺ റൈസേഴ്സ് ഹൈദരാബാദ്, റോയൽ ചലഞ്ചേഴ്സ് ബംഗളൂരുവിനെ നേരിടും.

✪✪✪

കൊച്ചിൻ ഷിപ്പ്യാർഡ് ലിമിറ്റഡ് മുൻനിര സ്റ്റാർട്ടപ്പ് സംരംഭമായ 'ഉഷസ്' പദ്ധതിക്ക് കീഴിൽ മാരിടെക് ഇന്റഗ്രേറ്റഡ് മാരിടൈം പ്രൈവറ്റ് ലിമിറ്റഡിന്റെ അഞ്ച് ശതമാനം ഓഹരി മൂലധന നിക്ഷേപ കരാർ ഒപ്പുവെച്ചു. കേന്ദ്രഗവണ്മെന്റിന്റെ നൂതനാശയം, സംരംഭകത്വം, തദ്ദേശീയവൽക്കരണം, സാങ്കേതികവിദ്യാധിഷ്ഠിത സ്റ്റാർട്ടപ്പ് വളർച്ച എന്നിവ പ്രോത്സാഹിപ്പിക്കുന്ന കാഴ്ചപ്പാടുകൾക്ക് അനുസൃതമായാണ് കൊച്ചിൻ ഷിപ്പ്യാർഡിന്റെ ഉഷസ് പദ്ധതി.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്)....

തന്ത്രപരമായ നിക്ഷേപങ്ങളിലൂടെയും സ്റ്റാർട്ടപ്പ് സഹകരണത്തിലൂടെയും ഇന്ത്യയുടെ സമുദ്ര മേഖലയെ ശക്തിപ്പെടുത്തുന്ന പുതിയ സാങ്കേതിക വിദ്യകളെ പ്രോത്സാഹിപ്പിക്കാനാണ് പദ്ധതി.

സമുദ്ര മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ സ്റ്റാർട്ടപ്പുകളെ പിന്തുണയ്ക്കാനും നിക്ഷേപം നടത്താനും ഉഷസ് പദ്ധതിക്ക് കീഴിൽ 50 കോടി രൂപയുടെ ആകെ മൂലധനത്തുക കൊച്ചിൻ ഷിപ്പ്യാർഡ് നീക്കിവെച്ചിട്ടുണ്ട്. ഡെറാഡൂൺ ആസ്ഥാനമായി പ്രവർത്തിക്കുന്ന അത്യാധുനിക സാങ്കേതികവിദ്യാധിഷ്ഠിത സ്റ്റാർട്ടപ്പാണ് മാരിടെക് ഇന്റഗ്രേറ്റഡ് മാരിടൈം പ്രൈവറ്റ് ലിമിറ്റഡ്.

സമുദ്ര മേഖലയിലെ പങ്കാളികളെ പരസ്പരം ബന്ധിപ്പിക്കുകയും ചരക്കുനീക്കം, തുറമുഖ അനുബന്ധ സേവനങ്ങൾ എന്നിവ സുഗമമാക്കുകയും ചെയ്യുന്ന 'ഇന്റഗ്രേറ്റഡ് മാരിടൈം എക്സ്ചേഞ്ച്' എന്ന ഡിജിറ്റൽ സംവിധാനം ഇവർ വികസിപ്പിച്ചെടുത്തിട്ടുണ്ട്. സമുദ്ര വ്യവസായ ശൃംഖലയിലുടനീളം പ്രവർത്തനക്ഷമതയും സുതാര്യതയും സഹകരണവും വർധിപ്പിച്ച് മേഖലയുടെ ഏകീകൃത ഡിജിറ്റൽ വിപണിയായി നിലകൊള്ളാൻ ഇന്റഗ്രേറ്റഡ് മാരിടൈം എക്സ്ചേഞ്ചിന് സാധിക്കും.

✪✪✪

രാജ്യത്തെ പതിനാറാമത് ജനസംഖ്യാ കണക്കെടുപ്പ് സെൻസസ് 2027-ന്റെ ഭാഗമായി ഫീൽഡ് ട്രെയിനർമാർക്ക് കോഴിക്കോട്ട് പരിശീലനം സംഘടിപ്പിച്ചു. സെൻസസ് വകുപ്പും ജില്ലാ ഭരണകൂടവും ചേർന്ന് സംഘടിപ്പിച്ച പരിശീലനം രജിസ്ട്രാർ ജനറൽ ഓഫ് ഇന്ത്യ ജോയിന്റ് ഡയറക്ടർ ശൈലേന്ദ്ര അത്തായി ഉദ്ഘാടനം ചെയ്തു. 25 ഫീൽഡ് ഉദ്യോഗസ്ഥർക്കാണ് പരിശീലനം നൽകിയത്. വീടുകളിൽ നേരിട്ടെത്തി വിവരശേഖരണം നടത്തുന്ന എന്യുമറേറ്റർമാർക്കും സൂപ്പർവൈസർമാർക്കും പരിശീലനം നൽകേണ്ടവരാണ് ഫീൽഡ് ട്രെയിനർമാർ.

രണ്ട് ഘട്ടങ്ങളിലായാണ് സെൻസസ് പ്രവർത്തനങ്ങൾ. വീടുകളുടെ വിവരങ്ങൾ ശേഖരിക്കുന്നതാണ് ആദ്യഘട്ടം. ഇതിന് ജൂലൈ ഒന്നു മുതൽ 30 വരെ ദിവസങ്ങളിൽ എന്യൂമറേറ്റർമാർ വീടുകളിലെത്തും. ഇതിനു മുന്നോടിയായി ജൂൺ 16 മുതൽ 30 വരെ വ്യക്തികൾക്ക് പ്രത്യേക വെബ് പോർട്ടൽ വഴി സ്വന്തം നിലയ്ക്ക് വിവരങ്ങൾ നൽകാം. ഓരോ വീട്ടിലെയും അടിസ്ഥാന സാഹചര്യങ്ങൾ, ആസ്തികൾ, സൗകര്യങ്ങൾ തുടങ്ങിയവയാണ് ആദ്യഘട്ടത്തിൽ ശേഖരിക്കുക. അടുത്ത വർഷം ഫെബ്രുവരിയിൽ ആണ് രണ്ടാം ഘട്ടം. ഈ ഘട്ടത്തിൽ ഓരോ വീട്ടിലെയും അംഗങ്ങളുടെ എണ്ണം, ഓരോ

വ്യക്തിയുടെയും സാമൂഹിക-സാമ്പത്തിക വിശദാംശങ്ങൾ ഉൾപ്പെടെ വിവരങ്ങളാണ് ശേഖരിക്കുക.

✪✪✪

വടക്കൻ കേരളത്തിലെ റെയിൽവേ യാത്രാക്ലേശങ്ങൾക്ക് പരിഹാരം കാണുന്നതിന് അടിയന്തര ഇടപെടൽ നടത്തണമെന്നാവശ്യപ്പെട്ട് കാസർകോട് ജില്ലാ കളക്ടർ അർജുൻ പാണ്ഡ്യൻ റയിൽവേ അധികൃതർക്ക് കത്ത് അയച്ചു. കണ്ണൂർ - മംഗലാപുരം സെൻട്രൽ, മംഗലാപുരം ജംഗ്ഷൻ എന്നിവിടങ്ങളിൽ സർവീസ് അവസാനിപ്പിക്കുന്ന പ്രധാന ട്രെയിനുകൾ കാസർകോട്ടേക്ക് നീട്ടണമെന്നും, നിർത്തലാക്കിയ പാസഞ്ചർ സർവീസുകൾ പുനരാരംഭിക്കണമെന്നും ആവശ്യപ്പെട്ടാണ് കളക്ടർ റെയിൽവേയ്ക്ക് കത്തയച്ചത്.

✪✪✪

---

*News Editor & News Reader: VK സുരേഷ്*
*News Team: ഫർദിസ് AV, സയ്യിദ് അലി ശിഹാബ്, അനുഷ ആത്മപ്രകാശ്,*
*DEO: ഷീബ*